വാഗമൺ മേഖലയിലെ ഭൂമി

157 [2595] *ഡോ. എം. എ. കുട്ടപ്പൻ:*
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. കെ. വി. തോമസ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിലെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് ആരെല്ലാം അന്വേഷണം നടത്തിയിട്ടുണ്ട്; പ്രസ്തുത അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തു നടപടിയെടുത്തിട്ടുണ്ട്;

(ഡി) ഒരു നടപടിയുമെടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് പറയുമോ?

ഉത്തരം

(എ) വാഗമണ്ണിൽ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ച് ഹൈലെവൽ കമ്മിറ്റിയുടെയും ദേവികുളം ആർ. ഡി. ഒ. യുടെയും വിജിലൻസ് വകുപ്പിന്റെയും നേതൃത്വത്തിലുള്ള ടീമുകൾ അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

കഴക്കൂട്ടം മണ്ഡലത്തിലെ പട്ടയ വിതരണം

158 [2596] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം കഴക്കൂട്ടം നിയോജകമണ്ഡലത്തിലുൾപ്പെട്ടിട്ടുള്ള വിവിധ വില്ലേജുകളിലായി ഇതുവരെ എത്രപേർക്ക് കൈവശാവകാശരേഖയും സ്ഥിരപട്ടയവും നൽകിയിട്ടുണ്ട്; ഇതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

GPM. 2/588/2012—24

LIBRARY ARCHIVES Kerala Legislative Assembly